DESPATCHED
On 05/03/2020

14/1/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1268*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *7379/എസ്.ഐ.സി–ജി 6/14*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ആൽഫ്രഡ്
അമ്പലക്കണ്ടി പറമ്പ്,
നോർത്ത് ബേപ്പൂർ
കോഴിക്കോട് } പരാതി ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
എൻവയൺമെന്റ് എഞ്ചിനീയർ
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
കോഴിക്കോട് ജില്ലാ ആഫീസ്
തേർഡ് ഫ്ളോർ, സാമോറിൻ സ്ക്വയർ
ലിങ്ക് റോഡ്, കോഴിക്കോട് 673002

2. അപ്പീൽ അധികാരി
സീനിയർ എൻവയൺമെന്റ് എഞ്ചിനീയർ
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
കോഴിക്കോട് ജില്ലാ ആഫീസ്
തേർഡ് ഫ്ളോർ, സാമോറിൻ സ്ക്വയർ
ലിങ്ക് റോഡ്, കോഴിക്കോട് 673002

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ നൽകിയ മറുപടിയിൽ വ്യക്തവും പൂർണ്ണവുമായ വിവര



res

ങ്ങൾ ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. 07.11.2019 ന് കളക്ടറേറ്റ് കോഴിക്കോട് വച്ചു നടത്തിയ ഹിയറിങ്ങിൽ ഹാജരായ എസ്.പി.ഐ.ഒ നൽകിയ റിപ്പോർട്ടിൽ, വിവരങ്ങളെല്ലാം നൽകിയെന്നും, ജില്ലാകാര്യാലയം കോഴിക്കോട്, എസ്.പി.ഐ.ഒ, നൽകിയ മറുപടിയുടെ പകർപ്പ് ലഭ്യമാക്കുന്നതിലേയ്ക്കായി പേജ് 1 ന് 2 രൂപ നിരക്കിൽ അടച്ച് നേരിട്ട് കൈപ്പറ്റാവുന്നതാണെന്നറിയിച്ചെന്നും, അപ്പീൽ അപേക്ഷയുടെ മറുപടിയിൽ രണ്ടാം അപ്പീൽ അധികാരിയുടെ വിലാസം തെറ്റായി രേഖപ്പെടുത്തിയത് മനപ്പൂർവ്വമല്ലെന്നും, മാപ്പാക്കണമെന്നും നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ഹർജിക്കാരന് നൽകിയ മറുപടി പകർപ്പുകൾ ഹാജരാക്കുന്നു എന്നും മറ്റുമാണ് ബോധിപ്പിച്ചത്.

3. അപ്പീൽ ഹർജിയും, എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും, രണ്ടാം അപ്പീൽ അധികാരിയുടെ വിലാസം തെറ്റായി രേഖപ്പെടുത്തിയത് വീക്ഷിച്ച കമ്മീഷൻ മേലിൽ ഇക്കാര്യം ആവർത്തിക്കരുതെന്ന് എസ്.പി.. ഐ.ഒ യ്ക്ക് താക്കീത് നൽകുകയും, എന്നാലും ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ലഭ്യമായ വിവരം എല്ലാം തന്നെ സമയബന്ധിതമായി നൽകിയതായി ബോധ്യപ്പെട്ടതിനാൽ, ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേദിവസം 2020 ജനുവരി 14-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *



res